/145022/2023

**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം–തിരുവനന്തപുരം – സാങ്കേതികവിഭാഗം – എറണാകുളം ജില്ല –തൃക്കാക്കര നഗരസഭ, കാക്കനാട് വില്ലേജ് വ്യവസായ കെട്ടിട നിർമ്മാണം - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:-
1. തൃക്കാക്കര നഗരസഭ സെക്രട്ടറിയുടെ 25/05/2023 തീയതിയിലെ ബിഎ- 1046/18-19 നമ്പർ കത്ത്.
2. എറണാകുളം ജില്ലാ ടൗൺപ്ലാനറുടെ 09/07/2023 ലെ LSGD/JD/EKM/681/2023/PLG-4 നമ്പർ കത്ത്.
3. മുഖ്യനഗരാസൂത്രകന്റെ 16/10/2019 ലെ TCPCTP/1972/2019-C3 നമ്പർ ഉത്തരവ്.
4. മുഖ്യനഗരാസൂത്രകന്റെ 07/10/2020 ലെ TCPCTP/1972/2019-C3 നമ്പർ ഉത്തരവ്.

==========================================================

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

**ഉത്തരവ്. നം. LSGD/PD/44548/2023-TCPA2** **തീയതി:06-12-2023**

==========================================================

എറണാകുളം ജില്ലയിൽ തൃക്കാക്കര നഗരസഭയിൽ റീ സർവ്വേ നമ്പർ 268/3-2-2, 269/11, 268/9, 268/7, 268/4-2-ൽ ഉൾപ്പെട്ട 37.81 ആർ സ്ഥലത്ത് 3491.70 ച.മീ built up area –യിൽ നിർമ്മാണം പൂർത്തിയാക്കിയ വ്യവസായ കെട്ടിടത്തിന് പെർമിറ്റ്/കൺകറൻസ് അനുവദിച്ച വിസ്തീർണ്ണത്തേക്കാൾ (2800.76 ച.മീ) നിർമ്മാണം പൂർത്തീകരിച്ചപ്പോൾ 690.94 ച.മീ അധികരിച്ചതിനാൽ റിവൈസ്ഡ് പെർമിറ്റ് ലഭ്യമാക്കുന്നതിലേക്കുള്ള കൺകറൻസ് അനുമതിക്കായി ശ്രീ.ഷാലു തോമസ്, MD&CEO ഡിജിറ്റൽ കോർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് സൂചന 1,2 കത്തുകൾ മുഖേന ലഭ്യമാക്കിയ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി structure Plan for Central City of Kochi പ്രകാരം കൺകറൻസ്, അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ചു KMBR 2019 ചട്ടം 9(2) പ്രകാരം ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
2. മാസ്റ്റർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ്

ഈ ഓഫീസിൽ നിന്നും നൽകുന്നത്. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം, കെട്ടിട നിർമ്മാണാനുമതി എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.

3. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.
4. **നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധ** ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.
5. നിർദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ/നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട **നിയമം, അനുബന്ധ ഗവണ്മെന്റ് സർക്കുലർ, KLU ഓർഡർ 1967 എന്നിവ** ബാധകമാകുന്ന പക്ഷം ആയവക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി **അതത് ജില്ലാ തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയംഭരണ** സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

**ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ**

ഫമിദാ യൂസഫ്.എം
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

**ജില്ലാ ടൗൺപ്ലാനർ, എറണാകുളം**

പകർപ്പ്:-

1. Shri. Shalu Thomas, MD & CEO, Digital Core Technologies, Private Ltd, Kakkanad, Ernakulam-20(manu.mani@dicortech.com)
2. സെക്രട്ടറി, തൃക്കാക്കര നഗരസഭ, കാക്കനാട്, എറണാകുളം-682030
3. വെബ് സൈറ്റ്/DED സെക്ഷൻ
4. കരുതൽ ഫയൽ
5. അധികം